പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5243 | 27.06.2019 ൽ മറുപടിയ്ക്ക്

പ്രളയത്തിൽ നശിച്ച റേഷൻ ഭക്ഷ്യവസ്തുക്കൾ

ചോദ്യം
ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ

ഉത്തരം
ശ്രീ. പി. തിലോത്തമൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | പ്രളയത്തിൽ റേഷൻ ഭക്ഷ്യവസ്തുക്കൾ നശിച്ച സാഹചര്യമുണ്ടായിട്ടുണ്ടോ; എത്ര കോടി രൂപയുടെ നഷ്ടമാണ് ഉണ്ടായത്; | (എ) | ഉണ്ട്. പ്രളയത്തിൽ സപ്ലൈകോയുമായി കരാറിലുള്ള വിവിധ മില്ലുകളിലെയും NFSA ഗോഡൗണുകളിലെയും റേഷൻ ഭക്ഷ്യധാന്യങ്ങൾ നശിച്ചതുമൂലം 136,15,24,696/- (നൂറ്റി മുപ്പത്തിയാറ് കോടി പതിനഞ്ച് ലക്ഷത്തി ഇരുപത്തിനാലായിരത്തി അറുനൂറ്റി തൊണ്ണൂറ്റിയാറ് രൂപ മാത്രം) രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. |
| (ബി) | ഇപ്രകാരം പ്രളയത്തിൽ നശിച്ച ഭക്ഷ്യ ധാന്യങ്ങളുടെ ഇൻഷ്വറൻസ് തുക ലഭിച്ചിട്ടുണ്ടോ; എത്ര തുകയാണ് ഇതിനകം ലഭിച്ചത്; | (ബി) | പ്രളയ കാലത്ത് മില്ലുകളിൽ സൂക്ഷിച്ചിരുന്ന കേടായ ഭക്ഷ്യധാന്യങ്ങൾക്ക് ഇൻഷ്വറൻസ് കമ്പനി 25 കോടി രൂപ ആദ്യ ഗഡുവായി നൽകിയിട്ടുണ്ട്. ക്ലെയിം സെറ്റിൽ ചെയ്തിട്ടില്ല. |
| (സി) | ഇൻഷ്വറൻസ് കമ്പനിയുമായി ചർച്ച നടത്തുവാൻ സപ്ലൈകോ ഏതെങ്കിലും ബ്രോക്കർ കമ്പനികളെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; ബ്രോക്കറേജ് ഇനത്തിൽ എന്ത് തുക അവർക്ക് നൽകി; വിശദാംശം നൽകുമോ | (സി) | ഇൻഷ്വറൻസ് കമ്പനിയുമായി ചർച്ച നടത്തുവാൻ സപ്ലൈകോ ഇൻഷ്വറൻസ് കൺസൾട്ടന്റായി കോസ്മോസ് ഇൻഷ്വറൻസ് ബ്രോക്കേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തെ നിയമിച്ചിട്ടുണ്ട്. ബ്രോക്കറേജ് ഇനത്തിൽ തുകയൊന്നും നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ